# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി29.05.2026

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാഫലം**

നാലാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (റെഗുലർ /സപ്ലിമെൻററി /ഇമ്പ്രൂവമെന്റ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ് ഉത്തരക്കടലാസ് പകർപ്പിനും, പുനർ മൂല്യനിർണയത്തിനും, സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 10 /06 / 2026 വൈകുന്നേരം 05.00 മണി.

അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും മൂന്നാം സെമസ്റ്റർ എം ബി എ (റെഗുലർ /സപ്പ്ളിമെൻററി) ഒക്ടോബര് 2025 പരീക്ഷാഫലം കണ്ണൂർ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി (റെഗുലർ/സപ്ലിമെന്ററി) എന്നിവയ്ക്കു ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി : 10-06-2026

**പരീക്ഷാ വിജ്ഞാപനം**

അഫിലിയേറ്റഡ് കോളേജുകളിലും സെന്ററുകളിലും , 01.07.2026 ന് ആരംഭിക്കുന്ന , രണ്ടാം സെമസ്റ്റർ എം ബി എ (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2026 പരീക്ഷകൾക്ക് 02.06.2026 മുതൽ 08.06.2026 വരെ പിഴയില്ലാതെയും 10.06.2026 വരെ പിഴയോടു കൂടിയും അപേക്ഷിക്കാം

02.07.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും രണ്ടാം സെമസ്റ്റർ എം സി എ (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) മെയ് 2026 പരീക്ഷകൾക്ക് 08.06.2026 മുതൽ 12.06.2026 വരെ പിഴയില്ലാതെയും 15.06.2026 വരെ പിഴയോടു കൂടിയും രെജിസ്റ്റർ ചെയ്യാവുന്നതാണ്

പരീക്ഷാ വിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

**പ്രായോഗിക പരീക്ഷകൾ/പ്രൊജക്ട് മൂല്യനിർണ്ണയം/വൈവ-വോസി**

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ പി.ജി. ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026, വിവിധവിഷയങ്ങളുടെ പ്രായോഗിക പരീക്ഷകൾ/പ്രൊജക്ട് മൂല്യനിർണ്ണയം/വൈവ-വോസി എന്നിവ താഴെ പറയുന്ന തീയതികളിൽ അതത് കോളേജുകളിൽ വെച്ച്

നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

1. എം.എസ്.സി മൈക്രോബയോളജി / എം.എസ്.സി ബയോടെക്നോളജി - 2026 ജൂൺ 2 മുതൽ 6 വരെ

2. എം.എസ്.സി മാത്തമാറ്റിക്സ് (ന്യൂജനറേഷൻ പ്രോഗ്രാം ഉൾപ്പെടെ) - 2026 ജൂൺ 2 മുതൽ 5 വരെ

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ VII

(പരീക്ഷാ വിഭാഗം)